പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.14 28.10.2019 ൽ മറുപടിയ്ക്ക്

വിലനിയന്ത്രണത്തിന് സപ്ലൈകോ നടത്തുന്ന പ്രവർത്തനം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.കാരാട്ട് റസാഖ്
ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാലായിരത്തി അഞ്ഞൂറ് കോടി വിറ്റുവരവ് എന്ന ലക്ഷ്യത്തോടെ മാർക്കറ്റിടപെടൽ വിപുലപ്പെടുത്തി അവശ്യസാധനങ്ങളുടെ പൊതുമാർക്കറ്റിലെ വില നിയന്ത്രിച്ച് നിർത്തുന്നതിനായി സപ്ലൈകോ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | അവശ്യസാധനങ്ങളുടെ വില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന പ്രവർത്തിക്കുന്ന വിപണി ഇടപെടൽ സംവിധാനം നിലവിലുണ്ട്. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, ഗൃഹോപകരണങ്ങളുടെ വില്പന എന്നിവയിലൂടെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പതിമൂന്ന് ഇനം അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനം നടപ്പിലാക്കുകയും ഈ വിഭാഗത്തിൽ പുതുതായി ഒരിനം കൂടി ഉൾപ്പെടുത്തുകയും ഇത്തരം അവശ്യസാധനങ്ങളിൽ ചിലതിന്റെ വില മൂന്നുവർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ കുറവുവരുത്തുകയും ചെയ്ത പ്രവർത്തനം വിപുലീകരിക്കുന്നതിനായി ശബരി ബ്രാന്റിൽ കറിപ്പൊടികൾ, | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 13 അവശ്യ സാധനങ്ങളാണ് സപ്ലൈകോ വില്പനശാലകൾ മുഖേന സബ് സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. പിന്നീട് ആന്ധ്ര ഇതര ജയ അരി കൂടി ഉൾപ്പെടുത്തി ഇത് 14 ആയി ഉയർത്തി. ഏപ്രിൽ 2016 ന് ശേഷം സബ് സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലകൾ സപ്ലൈകോ വർദ്ധിപ്പിച്ചിട്ടില്ലായെന്ന് മാത്രമല്ല, നാഫെഡ് മുഖേനയും ഇ ടെണ്ടർ, ഇ ഓക്ഷൻ മുതലായ സങ്കേതങ്ങൾ ഉപയോഗിച്ചും വളരെ മിതമായ നിരക്കിൽ പർച്ചേസ് ചെയ്യുക വഴി ചെറുപയർ, ഉഴുന്ന്, തുവര പരിപ്പ്, വൻകടല എന്നിവയുടെ വില്പന വിലകളിൽ കൂടുതൽ ഇളവ് നൽകുവാനും സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | മസാലപ്പൊടികൾ എന്നിവ കൂടി വില്പന നടത്താൻ പരിപാടിയുണ്ടോ; | | തേയില, വെളിച്ചെണ്ണ, ഉപ്പ് എന്നിവയ്ക്ക് പുറമെ, സപ്ലൈകോയുടെ ശബരി ബ്രാൻറിൽ കറിപ്പൊടികൾ, മസാലപ്പൊടികൾ എന്നിവയുടെ വില്പന വർഷങ്ങളായി നടത്തി വരുന്നതാണ്. കൂടാതെ 2019 ഓഗസ്റ്റ് മാസം മുതൽ ശബരി ബ്രാൻഡിൽ കൂടുതൽ ഗുണമേന്മയോടെ മഞ്ഞൾപൊടി, മുളകപൊടി, മല്ലിപ്പൊടി, വിവിധയിനം മസാല പൗഡറുകൾ എന്നിവ ശബരി ബ്രാൻഡിൽ വിപണിയിലെത്തിക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്. |
| (സി) | സപ്ലൈകോ സാമ്പത്തിക സുസ്ഥിരതയ്ക്കായി നടത്തുന്ന ഉപഭോക്തൃ സൗഹൃദ ഇടപെലുകൾ, ഓൺലൈൻ വില്പനയുടെ സാധ്യത പരിശോധിക്കൽ, വിലക്കുറവിൽ എഫ്.എം.സി.ജി. സാധനങ്ങളുടെ വില്പന തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ? | (സി) | റീറ്റെയിൽ വ്യാപാര മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനും പുതു തലമുറയുടെ ഷോപ്പിംഗ് ശൈലികൾക്കനുസരിച്ച് വിപണന മാർഗ്ഗങ്ങൾ പരിഷ് ക്കരിക്കുന്നതിനുമായി, ഓൺലൈൻ പോർട്ടലുകൾ മുഖേന ഓർഡറുകൾ സ്വീകരിച്ച് വിതരണം നടത്തുന്നതിൻറെ സാധ്യതകൾ സപ്ലൈകോ പരിശോധിക്കുന്നുണ്ട്.<br><br>നിലവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന എഫ്.എം.സി.ജി സാധനങ്ങൾക്ക് പൊതുവിപണിയിലെ വിലയിൽ നിന്നും 5 മുതൽ 30 വരെ ശതമാനം വിലക്കുറവ് ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സപ്ലൈകോ സാമ്പത്തിക സുസ്ഥിരതയ്ക്കായി നടത്തുന്ന ഉപഭോക്തൃ സൗഹൃദ ഇടപെടലുകളുടെ ഭാഗമായി കൺസ്യൂമർ ഓഫറുകൾ, ഉത്സവ സീസണുകളിൽ സമ്മാന പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ